LIBRARY ARCHIVES Kerala Legislative Assembly

സൂചന ബോർഡുകൾ സ്ഥാപിക്കാൻ നടപടി

169 (7468) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാത്രക്കാർക്ക് വഴിയറിയാൻ സഹായകരമാകുംവിധം സൂചനാ ബോർഡുകൾ സ്ഥാപിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എവിടെയൊക്കെയാണ് ഇത്തരം സൂചനാ ബോർഡുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതിന്റെ ചെലവിനായുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ജി.ഒ.(എംഎസ്.) 271/2013/ത.സ്വ.ഭ.വ., തീയതി, 29-7-2013 നമ്പർ ഉത്തരവ് പ്രകാരം സൂചന ബോർഡുകൾ സ്ഥാപിക്കാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തീരുമാനിക്കുന്ന പ്രധാന റോഡുകളിലും പൊതുജനത്തിന് ഗുണകരമായ രീതിയിൽ അനുയോജ്യമെന്ന് തോന്നുന്ന സ്ഥലങ്ങളിലുമാണ് ഇത്തരം ബോർഡുകൾ സ്ഥാപിക്കുന്നത്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്ന് തുക കണ്ടെത്താനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ഡി) ജി.ഒ.(എംഎസ്.) 271/2013/ത.സ്വ.ഭ.വ., തീയതി, 29-7-2013 നമ്പർ ഉത്തരവ് പ്രകാരം സൂചന ബോർഡുകൾ(showing destination and directions) സ്ഥാപിക്കാനും ചെലവുകൾ തനത് ഫണ്ടിൽനിന്ന് ഉപയോഗിക്കാനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ പരിശോധന

170 (7469) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി പെർഫോമൻസ് ആഡിറ്റ് യൂണിറ്റിന്റെ പരിശോധന ഗ്രാമപഞ്ചായത്തുകളിൽ മാസത്തിൽ ഒരു തവണയാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത യൂണിറ്റുകൾക്ക് ഓഫീസും മറ്റ് ഭൗതിക സൗകര്യങ്ങളും ഏർപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ ;

(സി) യൂണിറ്റ് സൂപ്പർവൈസർ തസ്തിക അപ്ഗ്രേഡ് ചെയ്യാൻ നിർദ്ദേശമുണ്ടോ ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിലെ പെർഫോമൻസ് ഓഡിറ്റ് മാസത്തിലൊരു തവണ വീതമാക്കുക എന്ന ലക്ഷ്യം മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് സർക്കാർ തീരുമാനം എടുക്കുകയോ 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയോ ചെയ്തിട്ടില്ല.

(ബി) നിലവിൽ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകൾക്കുള്ള ഓഫീസ് സൗകര്യങ്ങൾ അതാത് യൂണിറ്റിന് കീഴിലുള്ള ഏതെങ്കിലുമൊരു പഞ്ചായത്തിനോടനുബന്ധിച്ചോ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിനോടനുബന്ധിച്ചോ ഒരുക്കിയിട്ടുണ്ട്.

(സി) യൂണിറ്റ് സൂപ്പർവൈസർ തസ്തിക അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് നിർദ്ദേശം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

മിഷൻ 676 പ്രകാരം കൊല്ലം ജില്ലയിലുള്ള പദ്ധതികൾ

171 (7470) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നുമുതൽ ആരംഭിക്കും എന്നറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി പുരോഗതി അവലോകനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത് ഡയറക്ടർ നൽകിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: നഗരകാര്യ ഡയറക്ടറിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

1. ഭവന നിർമ്മാണം

(i) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം 31-5-2012-ന് മുമ്പ് എഗ്രിമെന്റ് വച്ചതും എന്നാൽ പണി പൂർത്തീകരിക്കാത്തതുമായ മുഴുവൻ ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തീകരിക്കൽ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly